## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 710 02/11/2011-ൽ മറുപടിക്ക്

## എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ : | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | എസ്.എസ്.എ., ആർ.എം.എസ് .എ. പദ്ധതികളിലൂടെ ഒന്നു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള പ്രത്യേക പരിപാടികൾ വിശദീകരിക്കാമോ; | എ) | എസ്.എസ്.എ. പദ്ധതി പ്രകാരം ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിലെ കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ സ്വീകരിച്ച നടപടികൾ ഇവയാണ്:<br>1)<br>എ) അധ്യാപകപരിശീലനം<br>ബി) ഫലപ്രദമായ നിരന്തരമൂല്യ നിർണ്ണയത്തിന് അദ്ധ്യാപകരെ പ്രാപ്തരാക്കാനുള്ള പരിശീലനം.<br>സി) പ്രഥമാധ്യാപകർക്കുള്ള നേതൃത്വ പരിശീലനം.<br>2. പഠനം മെച്ചപ്പെടുത്താൻ പ്രത്യേക പരിപാടികൾ<br>3. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ വിവിധതരം ഗ്രാന്റുകൾ.<br>4. സൗജന്യ പാഠപുസ്തക വിതരണം.<br>5. സമഗ്രവിദ്യാലയ വികസന പ്ലാൻ.<br>6. എല്ലാ സ്കൂളുകളിലും ഹെൽപ് ഡെസ്ക്<br>7. പഠനവീടുകൾ<br>ആർ.എം.എസ്.എ. പദ്ധതിപ്രകാരം 9,10 ക്ലാസുകളിലെ കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നുണ്ട്. കൂടാതെ പഠനയാത്രകൾ നടത്താനും ജില്ലാതലത്തിൽ പുസ്തകമേളകൾ സംഘടിപ്പിക്കാനും ജില്ലാതല ശാസ്ത്ര പ്രദർശനം സംഘടിപ്പിക്കുന്നതിനുമുള്ള അംഗീകാരം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. |
| ബി) | ഇതിൽ രക്ഷിതാക്കൾക്കുള്ള പങ്ക് വ്യക്തമാക്കാമോ; | (ബി) | വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ രക്ഷിതാക്കളും സമൂഹവും കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ കൂടുതൽ ചുമതലാ ബോധത്തോടെ പ്രവർത്തിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച് രക്ഷകർതൃ |

(.....2)

ബോധവൽക്കരണം/സാമൂഹിക ബോധ വൽക്കരണം എന്നിവ ലക്ഷ്യമാക്കിയുള്ള ചിട്ടയായ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

രക്ഷിതാക്കളുടെ സഹായ സഹകരണത്തോടെയാണ് ആർ.എം.എസ്.എ. വിഭാവനം ചെയ്യുന്ന വിവിധ പദ്ധതി നടപ്പിലാക്കേണ്ടത്. ഇതിനായി അദ്ധ്യാപകർ, രക്ഷിതാക്കൾ, ജനപ്രതിനിധികൾ, സമൂഹത്തിലെ വിദ്യാഭ്യാസവുമായി ബന്ധമുള്ള വ്യക്തികൾ എന്നിവർ അടങ്ങിയ സ്കൂൾ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആർ.എം.എസ്.എ. പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തേണ്ട ചുമതല ഈ കമ്മിറ്റിക്കാണ്.

(സി) അദ്ധ്യാപകർക്ക് തത്സമയ പിന്തുണ നൽകാനുള്ള ട്രെയിനർമാരുടെ ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) എസ്.എസ്.എ.യിലെ ട്രെയിനർമാരുടെ ഒഴിവുകൾ ജില്ലതിരിച്ച് ചുവടെ:

| ജില്ല | ഒഴിവ് |
|---|---|
| തിരുവനന്തപുരം | 33 |
| കൊല്ലം | 31 |
| ആലപ്പുഴ | 49 |
| പത്തനംതിട്ട | 59 |
| കോട്ടയം | 58 |
| ഇടുക്കി | 39 |
| എറണാകുളം | 57 |
| തൃശൂർ | 120 |
| പാലക്കാട് | 75 |
| മലപ്പുറം | 84 |
| കോഴിക്കോട് | 72 |
| വയനാട് | 18 |
| കണ്ണൂർ | 38 |
| കാസർഗോഡ് | 23 |
| **ആകെ** | **756** |

ആർ.എം.എസ്.എ.യിൽ ഓരോ ജില്ലയിലും രണ്ട് വീതം 28 ട്രെയിനർമാരുടെ ഒഴിവുകളുണ്ട്.

(ഡി) ഒഴിവുകൾ നികത്തുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ?

(ഡി) ഇല്ല.

സെക്ഷൻ ഓഫീസർ